ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 12.30 PM

## പ്രധാനവാർത്തകൾ

DATE:29.08.2026

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഉസ്ബെക്കിസ്ഥാൻ, കിർഗിസ് റിപ്പബ്ലിക്ക് സന്ദർശനത്തിന് തുടക്കമായി. മധ്യേഷ്യയിൽ ഇന്ത്യയുടെ തന്ത്രപ്രധാന പങ്കാളിത്തം ശക്തിപ്പെടുത്താൻ സന്ദർശനം വഴിയൊരുക്കുമെന്ന് പ്രധാനമന്ത്രി.
2. ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ നാളെ കേരളത്തിലെത്തും. ആറന്മുള ഉതൃട്ടാതി ജലോത്സവത്തിലും, തലസ്ഥാന നഗരിയിലെ ഓണം വാരാഘോഷത്തിന്റെ സമാപനത്തിലും പങ്കെടുക്കും.
3. ഓണം വാരാഘോഷത്തിനു സമാപനം കുറിച്ചുള്ള വർണ്ണാഭമായ ഘോഷയാത്ര നാളെ തിരുവനന്തപുരത്ത്; ഇന്ന് തൃശൂരിൽ പുലിക്കളി മഹോത്സവം.
4. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത്' നാളെ രാവിലെ 11 മണിക്ക്.
5. നേപ്പാളിലെ മിന്നൽ പ്രളയത്തിൽ മരിച്ചവരുടെ എണ്ണം 626 ആയി. കാണാതായ ഇന്ത്യക്കാരെ കണ്ടെത്താനുള്ള ശ്രമം തുടരുന്നതായി വിദേശകാര്യമന്ത്രാലയം.
6. 'ഖേലേഗാ ഭാരത് ജീതേഗാ ഭാരത്' എന്ന പ്രമേയത്തിൽ രാജ്യം ഇന്ന് ദേശീയ കായിക ദിനം ആഘോഷിക്കുന്നു.

RNU TVPM

## പ്രധാനമന്ത്രി സന്ദർശനം

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നാലു ദിവസത്തെ ഉസ്ബെക്കിസ്ഥാൻ, കിർഗിസ് റിപ്പബ്ലിക്ക് സന്ദർശനം ആരംഭിച്ചു. മധ്യേഷ്യയിൽ ഇന്ത്യയുടെ തന്ത്രപ്രധാനമായ പങ്കാളിത്തം ശക്തിപ്പെടുത്താൻ സന്ദർശനം വഴിയൊരുക്കുമെന്ന് യാത്ര പുറപ്പെടും മുൻപ് നൽകിയ പ്രസ്താവനയിൽ പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യ-ഉസ്ബെക്കിസ്ഥാൻ തന്ത്രപ്രധാന പങ്കാളിത്തം സമീപകാലത്ത് വലിയ പുരോഗതി കൈവരിച്ചതായും അദ്ദേഹം വ്യക്തമാക്കി. ഉസ്ബെക്കിസ്ഥാൻ പ്രസിഡന്റ് ഷവ്കത് മിർസിയോയേവുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും. തുടർന്ന് കിർഗിസ് റിപ്പബ്ളിക്കിലെത്തുന്ന ശ്രീ മോദി ബിഷ്കെക്കിൽ 26-ാമത് എസ്.സി.ഒ ഉച്ചകോടിയിൽ പങ്കെടുക്കും.

*****************************

## ഉപരാഷ്ട്രപതി - സന്ദർശനം

ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണന്റെ മൂന്ന് ദിവസത്തെ തമിഴ്നാട്, കർണാടക, കേരളം, ലക്ഷദ്വീപ് സന്ദർശനത്തിന് ഇന്ന് തുടക്കം. തമിഴ്നാട്ടിലെ ഈറോഡിലുള്ള കൊങ്കു വെള്ളാളർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ട്രസ്റ്റിന്റെ സ്ഥാപക ദിനാഘോഷത്തിൽ അദ്ദേഹം ഇന്ന് പങ്കെടുക്കും. തുടർന്ന് ബെംഗളൂരുവിലേക്ക് പോകുന്ന ഉപരാഷ്ട്രപതി, കർണാടക മുൻ മുഖ്യമന്ത്രി രാമകൃഷ്ണ ഹെഗ്ഡെയുടെ ജന്മശതാബ്ദി ആഘോഷങ്ങളിലും സംബന്ധിക്കും. സന്ദർശനത്തിന്റെ അവസാന ദിനം ലക്ഷദ്വീപിലെ അഗത്തി സന്ദർശിക്കുന്ന അദ്ദേഹം, മത്സ്യബന്ധന-ക്ഷീര-മൃഗസംരക്ഷണ മന്ത്രാലയം സംഘടിപ്പിക്കുന്ന ജനസമ്പർക്ക പരിപാടിയിൽ പങ്കെടുക്കും.

RNU TVPM

******************************

## ഉപരാഷ്ട്രപതി കേരള സന്ദർശനം

ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ നാളെ കേരളത്തിലെത്തും. രാവിലെ കൊച്ചിയിലെത്തുന്ന അദ്ദേഹം ആലപ്പുഴ ലിയോ XIII ഹയർ സെക്കൻഡറി സ്കൂളിൽ നടക്കുന്ന കേരള കൗമുദിയുടെ 115-ാം വാർഷികാഘോഷങ്ങളിൽ പങ്കെടുക്കും. തുടർന്ന് പത്തനംതിട്ടയിൽ ആറന്മുള ഉതൃട്ടാതി ജലോത്സവവും തിരുവനന്തപുരത്ത് ഓണം വാരാഘോഷത്തിന്റെ സമാപന പരിപാടിയും ഉദ്ഘാടനം ചെയ്യും. മറ്റന്നാൾ ലക്ഷദ്വീപ് സന്ദർശനത്തിന് ശേഷം കേരളത്തിൽ തിരികെയെത്തുന്ന ശ്രീ സി. പി. രാധാകൃഷ്ണൻ, കൊച്ചി കാക്കനാട്ടെ രാജഗിരി സ്കൂൾ ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജിയുടെ രജതജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കും. തുടർന്ന് കൊച്ചി വിമാനത്താവളത്തിൽ നിന്ന് ഡൽഹിയിലേക്ക് മടങ്ങും.

PNU TVPM

******************************

## ആറന്മുള ഉത്രട്ടാതി ജലമേള (ഇൻട്രോ)

പ്രസിദ്ധമായ ആറന്മുള ഉത്രട്ടാതി ജലമേള നാളെ ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. 51 പള്ളിയോടങ്ങൾ ജലമേളയിൽ അണിനിരക്കും.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ...**

(വോയിസ്)

******************************

## വി പി - ഗതാഗത നിയന്ത്രണം

ഉപരാഷ്ട്രപതിയുടെ സന്ദർശനത്തോടനുബന്ധിച്ച് ആലപ്പുഴ, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിൽ ഗതാഗത നിയന്ത്രണം. പത്തനംതിട്ട കോന്നി ജംഗ്ഷൻ മുതൽ ആറാട്ടുപുഴ വരെയുള്ള സ്ഥലങ്ങളിൽ ഇന്നും നാളെയും നിയന്ത്രണമുണ്ട്. ആറന്മുള ഉത്രട്ടാതി ജലമേളയും ഉപരാഷ്ട്രപതിയുടെ സന്ദർശനവും കണക്കിലെടുത്ത് ഏർപ്പെടുത്തിയ നിയന്ത്രണങ്ങളോട് പൊതുജനങ്ങൾ സഹകരിക്കണമെന്ന് പത്തനംതിട്ട ജില്ലാ പോലീസ് മേധാവി അഭ്യർത്ഥിച്ചു.

******************************

## ഓണം വാരാഘോഷം

സംസ്ഥാന ടൂറിസം വകുപ്പിന്റെ ഓണം വാരാഘോഷത്തിന് നാളെ സമാപനം. സമാപന പരിപാടി ഉപരാഷ്ട്രപതി ഉദ്ഘാടനം ചെയ്യും. ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ, മുഖ്യമന്ത്രി വി. ഡി. സതീശൻ, മന്ത്രിമാർ തുടങ്ങിയവർ പങ്കെടുക്കും. ഇതോടനുബന്ധിച്ചുള്ള ഘോഷയാത്ര വൈകുന്നേരം കവടിയാർ മുതൽ കിഴക്കേകോട്ട വരെ നടക്കും. വിവിധ വകുപ്പുകളുടെയും സംഘടനകളുടെയും നിശ്ചലദൃശ്യങ്ങളും കലാരൂപങ്ങളും ഘോഷയാത്രയിൽ അണിനിരക്കും.

PNU TVPM

******************************

## പുലിക്കളി (ഇൻട്രോ)

ഓണാഘോഷത്തിന് സമാപനം കുറിച്ച് ഇന്ന് തൃശൂരിൽ പുലിക്കളി മഹോത്സവം. വൈകിട്ട് നാല് മണിയോടെ നഗരം പുലികൾ കീഴടക്കും.

**ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ് തയ്യാറാക്കിയ റിപ്പോർട്ട്...**

(വോയിസ്)

******************************

## നേപ്പാൾ പ്രളയം

നേപ്പാളിലെ മിന്നൽ പ്രളയത്തിൽ മരിച്ചവരുടെ എണ്ണം 626 ആയി. 2000-ത്തിലധികം പേരെ ഇനിയും കണ്ടെത്താനുണ്ട്. 320 ഇന്ത്യക്കാരെ കണ്ടെത്താനുള്ള ശ്രമം തുടരുന്നതായി വിദേശകാര്യമന്ത്രാലയം അറിയിച്ചു. അതേസമയം, നേപ്പാളിനുള്ള മാനുഷിക സഹായത്തിന്റെ ഭാഗമായി, പത്ത് ടൺ സഹായസാമഗ്രികളുമായി മൂന്നാമത്തെ വിമാനം ഇന്ത്യ ഇന്നലെ അയച്ചു.

******************************

## പ്രളയം - പൊന്നാനി സ്വദേശികൾ

നേപ്പാൾ പ്രളയത്തിൽപ്പെട്ട പൊന്നാനി സ്വദേശികളെ കണ്ടെത്താനായി കുടുംബാംഗങ്ങൾ നേപ്പാളിലേക്ക് തിരിച്ചു. തൃക്കാവ് സ്വദേശികളും ഓസ്ട്രേലിയൻ പൗരന്മാരുമായ ഈശ്വർ നിവാസിൽ ശ്രീധരൻ അയ്യർ, ഭാര്യ ലക്ഷ്മി, മക്കളായ ഋഷബ്, രുദ്ര എന്നിവരെയാണ് കാണാതായത്. ഈ മാസം 23 ന് കൈലാസ തീർഥയാത്രയ്ക്കായി പുറപ്പെട്ട കുടുംബം 24ന് കാഠ്മണ്ഡുവിലും 26ന് മാനസരോവറിലുമെത്തിയിരുന്നു.

RNU TVPM

******************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന്

പ്രക്ഷേപണം ചെയ്യുന്നു. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

******************************

## മൻ കീ ബാത്ത്

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത്' നാളെ രാവിലെ 11 മണിക്ക്. പരിപാടിയുടെ 137-ാം പതിപ്പാണിത്. ആകാശവാണിയുടെ എല്ലാ നിലയങ്ങളും ദൂരദർശനും പരിപാടി തത്സമയം പ്രക്ഷേപണം ചെയ്യും. തുടർന്ന് പ്രാദേശിക ഭാഷകളിലെ പരിഭാഷയും കേൾക്കാവുന്നതാണ്.

PNU TVPM

******************************

## ദേശീയ കായിക ദിനം

ഹോക്കി ഇതിഹാസം മേജർ ധ്യാൻ ചന്ദിന്റെ ജന്മവാർഷികത്തോട് അനുബന്ധിച്ച് രാജ്യം ഇന്ന് ദേശീയ കായിക ദിനം ആഘോഷിക്കുന്നു. 'ഖേലേഗാ ഭാരത് ജീതേഗാ ഭാരത്' എന്ന പ്രമേയത്തിലാണ് ഈ വർഷത്തെ ദേശീയ കായിക ദിന ആഘോഷങ്ങൾ സംഘടിപ്പിക്കുന്നത്. ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര യുവജനകാര്യ കായിക മന്ത്രി മൻസൂഖ് മാണ്ഡവ്യ ഉൾപ്പെടെയുള്ളവർ ദേശീയ കായിക ദിന ആശംസകൾ നേർന്നു.

******************************

## ഏഷ്യ കപ്പ് ക്രിക്കറ്റ്

വനിതാ ടി20 ഏഷ്യാ കപ്പിൽ ഇന്ത്യയുടെ ആദ്യ മത്സരം നാളെ തായ്‌ലാൻഡുമായി. ഇന്ത്യക്കൊപ്പം പാകിസ്ഥാൻ, ഹോങ്കോങ്, തായ്‌ലൻഡ് എന്നീ ടീമുകളാണ് ഗ്രൂപ്പ് എ-യിലുള്ളത്. ഇന്ന് ദുബായിൽ നടക്കുന്ന ഗ്രൂപ്പ് ബി മത്സരത്തിൽ ശ്രീലങ്ക - യുണൈറ്റഡ് അറബ് എമിറേറ്റ്സിനെ നേരിടും. ഇന്ത്യൻ സമയം രാത്രി 8 മണിക്കാണ് മത്സരം.

******************************

## സപ്ലൈക്കോ നെല്ല് വില (ഇൻട്രോ)

എഴുപത് വയസ്സ് കഴിഞ്ഞവർക്ക് വായ്പ അനുവദിക്കുന്നതിലെ നിയന്ത്രണം മൂലം PRS വായ്പ ലഭിക്കാത്ത കർഷകർക്ക് സപ്ലൈക്കോ നെല്ല് വില നേരിട്ട് നൽകും. SBI ൽ നിന്ന് വായ്പ ലഭിക്കാത്ത കർഷകർക്കാണ് നെല്ല് വില നേരിട്ട് നൽകുക.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്....**

(വോയിസ്)

RNU TVPM

******************************

## കള്ളക്കടൽ

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കാസർഗോഡ് ജില്ലകളിലെ തീരപ്രദേശങ്ങളിൽ ജാഗ്രത നിർദേശം നൽകി. തിരുവനന്തപുരം കാപ്പിൽ മുതൽ പൊഴിയൂർ വരെയും, കാസർഗോഡ് കുഞ്ചത്തൂർ മുതൽ കോട്ടക്കുന്ന് വരെയും നാളെ രാത്രി 11.30 വരെ കടലാക്രമണത്തിന് സാധ്യതയുണ്ട്. കന്യാകുമാരി തീരത്തും മുന്നറിയിപ്പ് നൽകി. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

*****************************

## സസ്പെൻഡ് ചെയ്തു

മതസ്പർദ്ധ ഉളവാക്കുന്ന തരത്തിലുള്ള കുറിപ്പ് സമൂഹമാധ്യമത്തിൽ പങ്കുവെച്ച ഗ്രേഡ് സബ്ബ് ഇൻസ്പെക്ടറെ സസ്പെൻഡ് ചെയ്തു. ഇടുക്കി തൊടുപുഴ പോലീസ് സ്റ്റേഷനിലെ ഗ്രേഡ് സബ്ബ് ഇൻസ്പെക്ടർ കെ. വിജേഷിനെതിരെയാണ് അന്വേഷണ വിധേയമായി നടപടി ഉണ്ടായത്. പോലീസ് ഉദ്യോഗസ്ഥർ സമൂഹ മാധ്യമങ്ങൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പാലിക്കാത്തത് അച്ചടക്കലംഘനമാണെന്ന് ബോധ്യമായതിനെ തുടർന്നാണ് നടപടി.

RNU TVPM